# വചനത്തെ സംഗ്രഹിക്കുക

## സങ്കീർത്തനം 119:11

''ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിനു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു.''

'പാപം' ഈ രണ്ടക്ഷര പദത്തിനു മനുഷ്യൻ യാതൊരു പ്രസക്തിയും കൊടുക്കുന്നില്ല. പാപത്തിന്റെ അർത്ഥമെന്തെന്നു പോലും അറിയാത്ത ഒരു സമൂഹമദ്ധ്യേ നാം ആയിരിക്കുന്നു. അപ്പോൾ സങ്കീർത്തനക്കാരൻ തന്നെതന്നെ സമർപ്പിച്ചു ദൈവത്തോടു പറയുന്നു, 'ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിനു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു.' പാപത്തേയും അതിന്റെ അനന്തരഫലത്തേയും കുറിച്ച് വളരെയേറെ ബോധം അവനുണ്ടായിരുന്നു. 'ബേത്ത്' എന്ന തലക്കെട്ടോടെ തുടങ്ങുന്ന 119–ാം സങ്കീർത്തനത്തിന്റെ 9–16 വാക്യങ്ങൾ യുവതലമുറയോടുള്ള ഒരു ദൂതാകുന്നു. ബാല്യം, കൗമാരം, യൗവ്വനം എന്നൊക്കെ വിശേഷിപ്പിക്കുന്ന ചെറുപ്പകാലം ജീവിതത്തിന് അടിത്തറ പാകുന്ന കാലഘട്ടമാകുന്നുവല്ലോ. പഠിച്ചും മനസ്സിലാക്കിയും, ഉപദേശങ്ങളാൽ സ്വീകരിക്കപ്പെട്ടതുമൊക്കെ ജീവിത യാഥാർത്ഥ്യങ്ങളെ നേരിടാൻ അവനെ സജ്ജമാക്കുന്ന കാലഘട്ടമാണിത്.

പ്രലോഭനങ്ങളും, മോഹങ്ങളും, ആഗ്രഹങ്ങളും, താല്പര്യങ്ങളും ഒക്കെ ദൈവത്തേക്കാളുപരി അവനെ ഭരിക്കുകയും, സ്വാധീനിക്കുകയും ചെയ്യുന്ന സമയം. അതുകൊണ്ട് പാപം മൂലമുള്ള വീഴ്ച തീർച്ചയായും അവിടെ പതിയിരിപ്പുണ്ട്.

ഈ സത്യം നല്ലവണ്ണം മനസ്സിലാക്കി സങ്കീർത്തനക്കാരൻ ദൈവത്തോടു തന്റെ ജീവിതത്തിന്റെ മുഴുവൻ ആഗ്രഹങ്ങളും പകരുന്ന കാഴ്ചയാണ് നാം കാണുന്നത്. 'പാപം ചെയ്യരുത്' എന്നത് അവന്റെ ജീവിതത്തിന്റെ ഏറ്റം വലിയ ലക്ഷ്യമായിരുന്നു. അതിനുള്ള ഉപാധിയും അവൻ കണ്ടെത്തി. സ്വയബുദ്ധിയിലോ, വ്യക്തി താല്പര്യങ്ങളിലോ, ലോകമോഹങ്ങളിലോ വീണുപോകാതെ ദൈവവചനം ഹൃദയത്തിൽ സംഗ്രഹിക്കുന്ന ഇന്നത്തെ നമ്മുടെ തലമുറയ്ക്ക് സുലഭമായി ലഭിക്കുന്ന ദൈവവചനം ഏതുവിധേന ഏറ്റെടുക്കേണം എന്ന് അറിയില്ല. കാഴ്ച, കേൾവി, പഠനം അങ്ങനെ വചനം നമുക്ക് ലഭ്യമാകുമ്പോഴും എത്രത്തോളം ജീവിതംകൊണ്ട്, ഹൃദയംകൊണ്ട് അതിനെ ഏറ്റെടുക്കാൻ കഴിയുന്നുണ്ട്? ദൈവവചനംകൊണ്ട് പണിയപ്പെട്ട ഒരു 'ബേത്ത്' അഥവാ 'ഭവനം' ആയിരിക്കണം ഹൃദയം എന്ന് ഇവിടെ നമ്മെ പഠിപ്പിക്കുന്നു.

ഒരു **Funnel** എടുത്ത് നാം അതിലൂടെ വെള്ളം പകർത്തിയാൽ അല്പംപോലും അതിൽ ശേഷിക്കില്ല. എന്നാൽ ഒരു സ്പോഞ്ചിലൂടെ പകരുവാൻ ശ്രമിച്ചാൽ വെള്ളം

മുഴുവൻ അത് വലിച്ചെടുക്കും. പ്രത്യക്ഷത്തിൽ സ്പോഞ്ചിന്റെ രൂപഘടനയ്ക്ക് മാറ്റം വരുന്നില്ല. എന്നാൽ നാം അതിനെ കൈയ്യിൽ എടുക്കുമ്പോൾ ഭാരം കൂടിയതായി കാണാം. ഒരു ദൈവപൈതലിന്റെ ജീവിതാനുഭവം ഇതുതന്നെ ആകുന്നു. വചനംകൊണ്ട് നിറയപ്പെട്ട ഹൃദയത്തിന്റെ അനുഭവം ആണ് ഇത്. **Funnel** പോലെ മുഴുവൻ ഒഴുക്കി കളയുന്നതല്ല, മറിച്ച് ഉള്ളിൽ വലിച്ചെടുക്കുന്ന ഒരു സ്വഭാവം. സ്പോഞ്ചിന്റെ **weight** കൂടുന്നതുപോലെ ദൈവമക്കൾക്കും ഒരു **weightage** ഉണ്ടാകണം. പാപത്തോടുള്ള ബന്ധത്തിൽ, ഈ ലോക ജീവിതത്തിൽ നാം സംസാരിക്കുമ്പോൾ, ചിന്തിക്കുമ്പോൾ, പ്രവർത്തിക്കുമ്പോൾ എല്ലാം നമ്മോട് ഇടപെടുന്നവർ നാം ഒരു ദൈവപൈതലാണെന്ന് മനസ്സിലാക്കണം. വചനത്തിന്റെ ജീവനും, ശക്തിയും, മനോഹാരിതയും ഘനവും ഒക്കെ ജീവിതത്തിൽ പ്രതിഫലിപ്പിക്കാൻ കഴിയണം. അതേ, 'പാപം ചെയ്യാതിരിപ്പാൻ നിന്റെ വചനത്തെ ഞാൻ ഹൃദയത്തിൽ സംഗ്രഹിക്കുന്നു'. കർത്താവേ കരുണ ഉണ്ടാകണമേ, അനുഗ്രഹിക്കണമേ. എന്നു നമുക്ക് പ്രാർത്ഥിക്കാം.

**പരാമർശം:**

**മത്തായി 7:24,25**

ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 122**